

# വരയിലെ ലീഡർ

പുസ്തക പ്രകാശനം● 2012 ജനുവരി 28

## പത്രക്കുറിപ്പ്

കഴിഞ്ഞ അൻപതു വർഷത്തിനിടയിൽ യശ്ശ:ശരീരനായ കോൺഗ്രസ് ലീഡർ ശ്രീ. കെ കരുണാകരനെ കഥാപാത്രമാക്കി കാർട്ടൂണിസ്റ്റ് യേശുദാസൻ വരച്ച അഞ്ഞൂറിൽപരം കാർട്ടൂണുകളുടെ സമാഹാരം പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്നു. കേരളരാഷ്ട്രീയത്തിലെ അടിയൊഴുക്കുകൾ വിളിച്ചറിയിക്കുന്ന ഈ കാർട്ടൂണുകൾ മലയാള മനോരമ, ദേശാഭിമാനി, മെട്രൊ വാർത്ത, കേരളശബ്ദം, ദ് വീക്ക്, മലയാളനാട്, അസാധു തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ യേശുദാസൻ 1960 മുതൽ 2011 വരെ വരച്ചിട്ടുള്ള മൂവായിരത്തിയറുനൂറോളം കാർട്ടൂണുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവയാണ്.

**"വരയിലെ ലീഡർ" എന്ന ഈ പുസ്തകസമാഹാരം 2012 ജനുവരി 28 ശനിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് എറണാകുളം ഭാരത് ഹോട്ടലിലെ ആംഗൻ ഹാളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ ബഹു. മഹാരാഷ്ട്ര ഗവർണർ ശ്രീ. കെ. ശങ്കരനാരായണൻ ആദ്യപ്രതി ശ്രീ. കെ. മുരളീധരൻ എം.എൽ.എക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നതാണ്.** തിരക്കഥാകൃത്ത് ജോൺ പോൾ അദ്ധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിൽ ശ്രീ. കെ. മുരളീധരൻ എം.എൽ.എ; ശ്രീ. പി. രാജീവ് എം.പി; ശ്രീ. കെ.എം. റോയ് (മാദ്ധ്യമപ്രവർത്തകൻ); ശ്രീ. രഞ്ജി പണിക്കർ (മാനേജിംഗ് ഡയറക്ടർ, മെട്രൊ വാർത്ത); ശ്രീമതി. ലീലാ മേനോൻ (എഡിറ്റർ, ജന്മഭൂമി); ശ്രീ. മനോഹർ മാരാർ (പൂർണ പബ്ലിക്കേഷൻസ്) എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തും. മുഖ്യപ്രഭാഷണം ബഹു. മഹാരാഷ്ട്ര ഗവർണർ ശ്രീ. കെ. ശങ്കരനാരായണനേറ്റത്.

“വരയിലെ ലീഡർ” പുസ്തകത്തിന്റെ അവതാരിക കേരളരാഷ്ട്രീയത്തിലെ ലീഡറിന്റെ സഹപ്രവർത്തകനും ഇന്ത്യയുടെ പ്രതിരോധമന്ത്രിയുമായ ശ്രീ. എ.കെ. ആന്റണിയുടേതാണ്. “തന്നെ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്തവർ ആരായാലും പ്രതിസന്ധിഘട്ടങ്ങളിൽ അവരെ സഹായിക്കാനും അവർക്കുവേണ്ടി എന്തു ത്യാഗവും സഹിക്കാനും ശ്രീ. കരുണാകാരൻ തയ്യാറായിരുന്നു”വെന്ന് കേരളരാഷ്ട്രീയത്തിലെ ഭീഷ്മാചാര്യരെ അവതാരികയിലൂടെ ശ്രീ. എ.കെ. ആന്റണി വിശേഷിപ്പിക്കുന്നു.

“ഒരു വ്യക്തിയെക്കുറിച്ച് ഇത്രയധികം കാർട്ടൂണുകൾ സൃഷ്ടിക്കുന്നത് ഒരു 'നിയോഗം' പോലെയെന്ന്” സൂചിപ്പിക്കുന്ന അദ്ദേഹത്തിന്റെ അവതാരികയിൽ “സാമൂഹ്യബോധമുള്ള ഒരു കലാകാരന്റെ ഉദാത്തമായ ആവിഷ്കാരത്തിന്റെ ഉൾക്കാഴ്ചയാണ് നമുക്ക് ഈ സമാഹാരത്തിൽ കാണാൻ കഴിയുന്നതെന്നും, അര നൂറ്റാണ്ട് കാലത്തെ കെ. കരുണാകരന്റെ തിളങ്ങുന്ന വ്യക്തിത്വത്തിന് തെല്ലും കോട്ടം തട്ടാതെ ആക്ഷേപനർമ്മത്തിന്റെ ഹൃദയവിശുദ്ധിയോടെ വരയിലൂടെ പ്രതിഫലിപ്പിക്കുന്നതിൽ കാണിച്ച നൈപുണ്യം യേശുദാസന്റെ മാത്രം പ്രത്യേകതയാണെന്നും” ശ്രീ. എ.കെ. ആന്റണി ചൂണ്ടിക്കാട്ടുന്നു.

2004ൽ ബഹു. പ്രധാനമന്ത്രി ഡോ. മൻമോഹൻസിംങ് പ്രകാശനം ചെയ്ത യേശുദാസന്റെ “വരയിലെ ലീഡർ” എന്ന പുസ്തകത്തിന് ശേഷം പ്രസിദ്ധീകരിക്കുന്ന ഈ കാർട്ടൂൺ സമാഹാരം ജനങ്ങളിലെത്തിക്കുന്നത് പൂർണ പബ്ലിക്കേഷൻസാണ്.

കൂടുതൽ വിവരങ്ങൾക്ക്:
വെബ്: www.yesudasan.info
ഇമെയിൽ: varayileleader@designandpeople.org
മൊബൈൽ: +91.9995181777, +91.9847044248